പടന്ന പഞ്ചായത്തിൽ മത്സ്യ സംസ്കരണ കേന്ദ്രം

18 (1925) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ പടന്ന പഞ്ചായത്തിൽ മത്സ്യ ഫെഡിന്റെ ആഭിമുഖ്യത്തിൽ ഒരു മത്സ്യ സംസ്കരണ കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിവർഷം 750 ടൺ മത്സ്യവും 300 ടണ്ണോളം മത്സ്യവും സംസ്ക്കരിക്കുന്നതിനുവേണ്ടി 10 ടൺ ശേഷിയുള്ള 2 കോൾഡ് സ്റ്റോറേജുകൾ, 3 ടൺ ശേഷിയുള്ള ടണൽ ഫ്രീസർ, 250 കി.ഗ്രാം/90 മിനിറ്റ് ശേഷിയുള്ള പ്ലേറ്റ് ഫ്രീസർ, 3 ടൺ ശേഷിയുള്ള പ്ലേറ്റ് ഐസ് യൂണിറ്റ് 500 കി.ഗ്രാം/മണിക്കൂർ ശേഷിയുള്ള ബോയിലർ എന്നിവ ഉൾപ്പെട്ട ആധുനിക മത്സ്യ സംസ്ക്കരണ കേന്ദ്രമാണ് ഉദ്ദേശിക്കുന്നത്. ഉദ്ദേശം ഒന്നരകോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പ്രസ്തുത സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതു സംബന്ധിച്ച് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

കായംകുളം ഫിഷറീസ് ഹാർബർ നിർമ്മാണം

19 (1926) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം ഫിഷറീസ് ഹാർബറിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) അവിടെ മത്സ്യബന്ധനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഇതുവരെ കായംകുളം ഫിഷറീസ് ഹാർബറിനുവേണ്ടി ചെലവഴിച്ച തുക എത്രയാണ് ;

(ഡി) ഇതുവരെ പൂർത്തിയാക്കിയ നിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുമോ ;

(ഇ) പൊഴിയുടെ വടക്കുഭാഗത്തുള്ള ആലപ്പുഴ ജില്ലയിലേയ്ക്കുകൂടി തുറമുഖത്തിന്റെ ഭാഗങ്ങൾ സ്ഥാപിക്കുന്നകാര്യം നടപ്പാക്കുന്നുണ്ടോ ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3/2001 ൽ.

(ബി) ഫിഷിംഗ് ഹാർബർ പൂർത്തീകരിക്കുന്ന മുറയ്ക്ക്.

(സി) 170.84 ലക്ഷം രൂപ.

(ഡി) അഴിക്കൽ ഭാഗത്ത് വെയ്ബ്രിഡ്ജ്, സൈറ്റാഫീസ്, റിക്ലമേഷൻ ബണ്ട് തുടങ്ങിയവയുടെ പണികൾ പൂർത്തിയായി.

(ഇ) കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ വടക്കെ കരയിലും ഫാർബർ സൗകര്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ട് ഗവൺമെന്റിന്റെ പരിശോധനയിലാണ്.

റീജണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ

20 (1927) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീജണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്റ്റൈപ്പന്റ് യഥാവസരം നൽകിവരുന്നുണ്ടോ ;

(ബി) പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇവയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും പോരായ്മ കണ്ടിട്ടുണ്ടോ ;

(ഡി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്ത് നടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തപ്പെടാത്തതു മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വ്യക്തമാക്കാം. അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തപ്പെടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രസ്തുത സ്കൂളുകളിൽ ലൈബ്രറികളും, മ്യൂസിയങ്ങളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. കൂടാതെ, ടി സ്കൂളുകളിൽ ടി.വി, വി.സി.ആർ. തുടങ്ങിയ ദൃശ്യോപകരണങ്ങൾ സ്ഥാപിക്കുന്നതിനും, പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly